6. ചേർത്തല തെക്ക് പഞ്ചായത്തിലെ ആയിരം തൈയ്യിൽ ഒൻപത് പുലിമുട്ടുകളുടെ നിർമ്മാണം 5.7 കോടി രൂപ (നബാർഡ് ഫണ്ട്), 2.03 കോടി രൂപ (സംസ്ഥാന ഫണ്ട്).

(ബി) തിരുവനന്തപുരം ജില്ലയിൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് 8.99 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൊല്ലം ജില്ലയിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഒന്നുംതന്നെ ചെലവായിട്ടില്ല.

ആലപ്പുഴ ജില്ലയിൽ

2013-14	-	₹ 5,10,13,590
2014-15	-	₹ 6,07,65,661
2015-16	-	₹ 17,19,76,315
ആകെ	-	₹ 28,37,55,566

(സി) കടലാക്രമണ പ്രതിരോധ നടപടികൾക്കായി ബഡ്ജറ്റിൽ

വകയിരുത്തിയത്		ചെലവഴിച്ചത്
2012-13	35 ലക്ഷം	30.71 ലക്ഷം
2013-14	35 ലക്ഷം	328.70 ലക്ഷം
2014-15	35 ലക്ഷം	1683.88 ലക്ഷം
2015-16	35 ലക്ഷം	242.43 ലക്ഷം (9/15 വരെ)

കാരിച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

218 (907) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ കനാലുകളും സെക്ഷനുകീഴിൽ വരുന്ന കാട്ടുകാമ്പാൽ പഞ്ചായത്തിലെ കാരിച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് എന്തു നടപടിയാണ് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ ഐ.ഡി.ആർ.ബി.-യിൽനിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരുപാട് കർഷകർക്ക് ഗുണം ചെയ്യുന്ന പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിന് ഇറിഗേഷൻ വകുപ്പ് മുന്തിയ പരിഗണന നൽകുമോ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കാരിച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയുടെ രൂപകൽപ്പന ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യുന്നതിന് നടപടി

219 (908) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യുന്നതിന് 2011 മുതൽ എന്ത് തുകയാണ് ജലവിഭവ വകുപ്പിന് ചെലവായിട്ടുള്ളത് ; ഫിർമവഴി എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത് ; വർഷം തിരിച്ച് ലഭ്യമാക്കുമോ ; പായൽ നീക്കം ചെയ്യാത്തതിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുവാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പായൽ നിറഞ്ഞതുമൂലം മത്സ്യബന്ധനം നടത്താൻ പറ്റാത്തതുമൂലമുള്ള നഷ്ടം പരിശോധിച്ച് മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഒരു ഏജൻസിയെ നിയമിക്കുമോ; നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; പായൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യുന്നതിന് 2011 മുതൽ ജലവിഭവ വകുപ്പ് തുകയൊന്നും ചെലവാക്കിയിട്ടില്ല. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖേന നടപ്പിലാക്കിയ 'കുളവാഴ നിർമ്മാർജ്ജനവും പുനരുപയോഗവും' എന്ന പദ്ധതി പ്രകാരം 15,48,93,618 രൂപ പായൽ നീക്കം ചെയ്യാൻ ഉപയോഗിച്ചു. വർഷം തിരിച്ച് ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly